പതിമൂന്നാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 266

08.02.2016 ൽ മറുപടിക്ക്

# സിവിൽ കേസുകളിൽ പോലീസിന്റെ നിഷ്ക്രിയത്വം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സിവിൽ സ്വഭാവത്തിലുള്ള തർക്കങ്ങൾ സംബന്ധിച്ച പരാതികൾ പോലീസ് സ്റ്റേഷനുകളിൽ കൈകാര്യം ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) സിവിൽ സ്വഭാവത്തിലുള്ള തർക്കങ്ങൾ സംബന്ധിച്ച പരാതികൾ പോലീസ് സ്റ്റേഷനുകളിൽ കൈകാര്യം ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടില്ല. എന്നാൽ സിവിൽ തർക്കങ്ങളിൽ സിവിൽ കോടതികളുടെ ഉത്തരവുകൾ ശ്രദ്ധിക്കാതെയുള്ള പോലീസിന്റെ ഇടപെടൽ ഒഴിവാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഏതെങ്കിലും വ്യക്തികളോ സംഘങ്ങളോ തമ്മിലുള്ള തർക്കം എത്രയും പെട്ടെന്ന് പരിഹരിക്കാത്തപക്ഷം ഒരു കൊഗ്നൈസബിൾ കുറ്റമായി പരിണമിക്കുവാൻ സാധ്യതയുള്ള സാഹചര്യം ആരെങ്കിലും ശ്രദ്ധയിൽപ്പെടുത്തിയാൽ 2011-ലെ കേരള പോലീസ് നിയമം 63-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ മാത്രമെ സ്വീകരിക്കാവൂ എന്നും ഒരു പ്രത്യേക കോടതി നടപടിക്കുവേണ്ടിയോ കക്ഷികൾക്ക് പോലീസ് സംരക്ഷണം നൽകുന്നതിനു വേണ്ടിയോ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെയോ സിവിൽ കോടതിയുടെയോ ഉത്തരവ് കിട്ടിയാൽ അത്തരം ഉത്തരവുകൾ പാലിക്കാൻ പോലീസ് ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇത്തരം നിർദ്ദേശം നൽകാനുള്ള സാഹചര്യം വ്യക്തമാക്കുമോ; | (ബി) 23.09.1983-ലെ ഒ.പി. നം. 2032/83 എന്ന കേസിൽ ബഹു. കേരള ഹൈക്കോടതി സിവിൽ കോടതികളുടെ ഉത്തരവുകൾ ഗൗനിക്കാതെ പോലീസ് പ്രവർത്തിക്കുന്നതിനെതിരെ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പുറപ്പെടുവിച്ച വിധിന്യായം അനുവർത്തിച്ചുകൊണ്ടാണ് സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, സ്റ്റേറ്റ് പോലീസ് കംപ്ലയിന്റ് അതോറിറ്റി എന്നിവ നൽകിയ ശുപാർശകൾ പരിഗണിച്ചുകൊണ്ടാണ് സംസ്ഥാന പോലീസ് മേധാവി മേൽ വിഷയത്തിന്മേൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളത്. |

(സി) സിവിൽ കേസ്സുകൾ മുഴുവൻ നേരിട്ടു കോടതിയിലേക്ക് പോകുന്നത് മൂലം കോടതികളിൽ കേസ്സുകൾ കുന്നുകൂടുകയും, സിവിൽ തർക്കങ്ങളെ തുടർന്നുണ്ടാകുന്ന അക്രമ സംഭവങ്ങളിൽ പോലീസ് നിഷ്ക്രിയത്വം പാലിക്കുകയും ചെയ്യുന്നതു മൂലം ഉണ്ടാകാവുന്ന പ്രശ്നങ്ങളെ സർക്കാർ ഗൗരവമായി കണ്ടിട്ടുണ്ടോ;

(സി) നിയമപരമായി പോലീസ് ഇടപെടരുതെന്ന് നിഷ്കർഷിക്കുകയും, അതേസമയം പോലീസ് ഇടപെടണമെന്ന ആവശ്യം ഉണ്ടാകുകയും ചെയ്യുമ്പോൾ, കോടതികൾ, മനുഷ്യാവകാശ കമ്മീഷൻ, പോലീസ് കംപ്ലയിന്റ് അതോറിറ്റി എന്നിവിടങ്ങളിൽ നിന്നും പോലീസിനെതിരെ നടപടികൾ ഉണ്ടാകുന്നുണ്ട്. 12588/2012-ാം നമ്പർ റിട്ട് ഹർജിയിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 17.11.2012-ലെ വിധിന്യായത്തിൽ, 2011-ലെ കേരള പോലീസ് നിയമം 4(j), 63 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ പോലീസ് പ്രവർത്തിക്കാവൂ എന്നും സിവിൽ തർക്കങ്ങളിൽ പോലീസ് മധ്യസ്ഥത വഹിച്ച് വിചാരണ നടത്തി തീർപ്പുകൽപ്പിക്കുന്ന തരത്തിലുള്ള നടപടിക്രമം മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ ഉദ്ദേശിച്ചിട്ടില്ല എന്നും നിരീക്ഷിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് ഇത്തരം കേസ്സുകളിൽ പോലീസ് നടപടി സ്വീകരിക്കുന്നത്.

(ഡി) സിവിൽ തർക്കങ്ങൾ പരിഹരിക്കുന്നതിൽ നിന്ന് പോലീസ് പിന്മാറുമ്പോൾ പ്രശ്നപരിഹാരത്തിന് ഗുണ്ടകളുടെയോ മറ്റ് സംഘങ്ങളുടെയോ ഇടപെടൽ ഉണ്ടാകാനുള്ള സാധ്യതയും ഇത് ഉണ്ടാക്കുന്ന മറ്റ് പ്രശ്നങ്ങളും സർക്കാർ ഗൗരവമായി കാണുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

(ഡി) സിവിൽ തർക്കങ്ങൾ പരിഹരിക്കുന്നതിൽ Sec.63 KP Act പ്രകാരം നിയമവിധേയമായി പോലീസ് ഇടപെടുന്നുണ്ട്.

Rajani.M

സെക്ഷൻ ഓഫീസർ